DESPATCHED
On 05/03/2020

9/01/2020

## സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001
ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
**E-mail: sic.ker@nic.in**

## ഹർജി നമ്പർ C.P. No.956(6)/2015/എസ്.ഐ.സി.

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

*(ഫയൽ നം.12077/എസ്.ഐ.സി-ജി 5/2015)*

സന്നിഹിതൻ
**ശ്രീ. വിൻസൻ എം. പോൾ, മുഖ്യ വിവരാവകാശ കമ്മീഷണർ**

.ശ്രീ. പി.കെ. സജീവ്കുമാർ
പൊള്ളയിൽ വീട്, പുന്നപ്ര പി.ഒ.,
ആലപ്പുഴ – 688004
. } പരാതി ഹർജിക്കാരൻ

പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &ഹെഡ്മിസ്ട്രസ്
ഗവ.സി.വൈ.എം.എ.യു.പി. സ്ക്കൂൾ
പുന്നപ്ര, ആലപ്പുഴ. } എതിർകക്ഷി

അപ്പീൽ അധികാരി & ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ
ആലപ്പുഴ.

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 10.04.2015 |
| മറുപടി ലഭ്യമാക്കിയ തീയതി | 08.05.2015 |
| കമ്മീഷനിൽ പരാതി സമർപ്പിച്ച തീയതി | 05.07.2015 |
| കമ്മീഷൻ പരാതി ലഭിച്ച തീയതി | 20.07.2015 |
| ഹിയറിംഗ് തീയതി<br>സ്ഥലം | 07.01..2020<br>വീഡിയോ<br>കോൺഫറൻസ്<br>ഹാൾ,കളക്ടറേറ്റ്,ആലപ്പുഴ |
| ഹിയറിംഗിലെ സാന്നിധ്യം :പരാതി ഹർജിക്കാരൻ<br>: എസ്.പി.ഐ.ഒ | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. പി.കെ.സജീവ്കുമാർ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ലഭിച്ച മറു

RIGHT TO INFORMATION

പടി തൃപ്തികരമല്ലായെന്നു കാണിച്ച് രണ്ടാം എതിർകക്ഷി മുമ്പാകെ 12.05.2015 തീയതി അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും മേൽപ്പടി അപ്പീൽ തീർപ്പാക്കി നാളിതു വരെ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെപ്പറയുന്ന വിവരങ്ങളാണ്:

i) സർവ്വ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം 2008-09, 2009-10, 2010-11, 2011-12, 2012-13 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലഭിച്ചിട്ടുള്ള തുക ഉപയോഗിച്ച് ചെയ്തിട്ടുള്ള വർക്കുകൾ ഏതൊക്കെയാണെന്നും

ii) ഓരോ വർഷവും വർക്കു നടത്തുവാൻ തീരുമാനിച്ച കമ്മിറ്റി തീരുമാനത്തിന്റെ മിനുട്സിന്റെ പകർപ്പ് നൽകണമെന്നും

iii) തുക ചെലവഴിച്ചതിന്റെ ബില്ലുകൾ, വൗച്ചറുകൾ, രസീതുകൾ എന്നിവയുടെ പകർപ്പ് നൽകണമെന്നുമാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിലെ 2,3 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള സാമ്പത്തികം കണ്ടെത്തുന്നതിനുള്ള സാഹചര്യം ഇപ്പോഴില്ല എന്നും വിദ്യാഭ്യാസ വകുപ്പിൽ നിന്നും അത് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ലഭ്യമാക്കുന്നതാണെന്നും മേൽപ്പടി വിവരങ്ങൾ നേരിട്ട് പരിശോധിക്കാനുള്ള അവസരം നൽകുന്നതാണെന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്നാണ്.

3. ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട മിനുട്സ്, വൗച്ചറുകൾ, ബില്ലുകൾ എന്നിവ ഹർജിക്കാരന്റെ തന്നെ പരാതി സംബന്ധിച്ച അന്വേഷണത്തിനായി ആലപ്പുഴ വിജിലൻസ് ഓഫീസിൽ ഹാജരാക്കിയിരുന്നുവെന്നും നിലവിൽ ഹർജിക്കാരന്റെ അപേക്ഷയിലെ 2, 3 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട പൂർണ്ണ വിവരങ്ങൾ ലഭ്യമല്ലെന്നും ലഭ്യമായ വിവരങ്ങൾ ഹർജിക്കാരന് അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്.

RIGHT TO INFORMATION

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ കമ്മീഷൻ മുമ്പാകെയുള്ള ആക്ഷേപം ടിയാൻ ഒന്നാം അപ്പീൽ അധികാരി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിന്മേൽ രണ്ടാം എതിർകക്ഷി യാതൊരു മറുപടിയും നൽകിയിട്ടില്ലായെന്നതാണ് എന്നു കാണുന്നു. ഇക്കാര്യം സംബന്ധിച്ച് ആലപ്പുഴ ഉപ ജില്ല വിദ്യാഭ്യാസ ഓഫീസിലെ പരാമർശിത കാലയളവിലെ ഒന്നാം അപ്പീൽ അധികാരി കമ്മീഷൻ മുമ്പാകെ ഈ ഉത്തരവ് കൈപ്പറ്റി 20 ദിവസങ്ങൾക്കകം ടിയാന്റെ വിശദീകരണം സമർപ്പിക്കേണ്ടതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ജനുവരി 9–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

ഒപ്പ്
**വിൻസൻ എം. പോൾ**
**മുഖ്യ വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി( നിയമം)